(ബി) എങ്കിൽ അവരുടെ ഡെപ്യൂട്ടേഷൻ കാലാവധി കഴിയുമ്പോൾ മടങ്ങിപ്പോകുവാൻ അവർ ബാദ്ധ്യസ്ഥരാണോ ;

(സി) അവരുടെ ഡെപ്യൂട്ടേഷൻ കാലാവധി തീർന്നതിനുശേഷവും അവർ തുടരുന്നത് ക്രമാനുസൃതമാണോ ;

(ഡി) അവരുടെ ഡെപ്യൂട്ടേഷൻ കാലാവധി തീർന്നതിനുശേഷം അവരെ പുനർനിയമിക്കാതെ അവർ വൻതുകകൾ ഉൾക്കൊള്ളുന്ന ചെക്ക് ഒപ്പിടുന്നത് ക്രമാനുസൃതമാണോ ; ആണെങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ, ബി, സി, & ഡി) വിവരം ശേഖരിച്ചുവരുന്നു.

കൊച്ചിയിലെ ഗോശ്രീ പ്രോജക്ടിന്റെ പുരോഗതി

7 [780] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ ഗോശ്രീ പ്രോജക്ടിന്റെ പുരോഗതി എത്രമാത്രമായി ;

(ബി) പ്രോജക്ടിനായി വികസിപ്പിച്ച ഭൂമിയുടെ വില്പന തീരുമാനമായോ ;

(സി) ഭൂമി വില്പനയിൽ നിന്നുള്ള തുക എങ്ങനെ ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഗോശ്രീ പദ്ധതിയിൽപ്പെട്ട മൂന്ന് പാലങ്ങളുടേയും അനുബന്ധ റോഡുകളുടേയും പണി പൂർത്തിയാക്കി വാഹന ഗതാഗതത്തിന് പാലങ്ങൾ തുറന്നുകൊടുത്തു. പാലങ്ങൾ വഴി ബസ്റൂട്ട് അനുവദിക്കുകയും ബസ്സുകൾ ഓടിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) ഗോശ്രീ നികത്തുഭൂമിയുടെ വില്പനയ്ക്കായി ആഗോള ടെണ്ടർ വിളിച്ചിരിക്കുകയാണ്. 2005 ഫെബ്രുവരി 16-ാം തീയതിയാണ് ടെണ്ടർ തുറക്കുന്നത്.

(സി) ഭൂമി വില്പനയിൽ നിന്നുള്ള തുക ബാങ്കിലെ കടം വീട്ടുന്നതിനും ബാക്കി തുക ദ്വീപുകളുടെ സമഗ്ര വികസനത്തിനും ഉപയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly